ഉത്തരം

(എ) സംസ്ഥാനത്ത് 11-5-2014 മുതലാണ് 'ഓപ്പറേഷൻ കുബേര' നടപ്പിലാക്കിയത്. ഈ പദ്ധതി പ്രകാരം 2925 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2161 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 1467 കേസുകളിൽ കുറ്റപത്രം കോടതികളിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) ബ്ലേഡ് മാഫിയയുടെ പ്രവർത്തനംമൂലം ഇതിനകം സംസ്ഥാനത്ത് 17 മരണങ്ങളുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഓപ്പറേഷൻ കുബേരയുടെ രണ്ടാം ഘട്ടം 17-9-2014 മുതൽ ആരംഭിച്ചിട്ടുണ്ട്. അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഉണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തു വകകളും മുദ്രപ്പത്രങ്ങളും ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തുവകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ ഈ പദ്ധതി പ്രകാരം തുടരെത്തുടരെയുള്ള റെയ്ഡുകൾ സംസ്ഥാനമൊട്ടാകെ നടത്തുകയും കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഓപ്പറേഷൻ കുബേര

216 (3850) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്ത് കേസ്സുകളിൽ എത്ര തുകയുടെ പണമിടപാടുകൾ നടന്നിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്;

(ബി) ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെട്ട എത്ര പോലീസുദ്യോഗസ്ഥന്മാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) ഇത്തരം കേസ്സുകളിൽപ്പെട്ട പോലീസുദ്യോഗസ്ഥന്മാർക്കെതിരെ വകുപ്പുതലത്തിൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്ത കേസുകളിൽ 24,58,61,594 (ഇരുപത്തിനാല് കോടി അൻപത്തിയെട്ട് ലക്ഷത്തി അറുപത്തിയോട്ടായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി നാല്) രൂപയുടെ പണമിടപാട് നടന്നിട്ടുണ്ടെന്നാണ് കണക്കാക്കപ്പെട്ടുന്നത്.

(ബി) ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെട്ട 7 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഇവരെ കേസുകളിലുൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും വകുപ്പുതല ശിക്ഷണ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

ഓപ്പറേഷൻ കുബേര പ്രകാരം കൊല്ലം ജില്ലയിൽ രജിസ്റ്റർ ചെയ്ത കേസുകൾ

217 (3851) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേര പ്രകാരം കൊല്ലം ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് : പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) ചവറ ജനമൈത്രി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1166/2014 പ്രകാരം രജിസ്റ്റർ ചെയ്ത കേസിലെ തൊണ്ടിമുതലുകളുടെ വിശദവിവരം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കേസിലെ തൊണ്ടിമുതൽ പോലീസ് ഉദ്യോഗസ്ഥർ മാറ്റിയത് സംബന്ധിച്ച ഏതെങ്കിലും പരാതിയോ ഇന്റലിജൻസ് റിപ്പോർട്ടോ ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ വിവരവും ഇവർക്കെതിരെ വകുപ്പ് തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും വെളിപ്പെടുത്തുമോ ;

(ഇ) നടപടി സ്വീകരിക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly